# 13-ാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 2737 19/12/2012-ൽ മറുപടിയ്ക്ക്**

**കാർഷിക സ്വയം തൊഴിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പ്രത്യേക കേന്ദ്ര സഹായം വിനിയോഗിച്ചുള്ള കാർഷിക സ്വയം തൊഴിൽ പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഈ പദ്ധതിയിലൂടെ ഒരു ആദിവാസിക്ക് ലഭിക്കുന്ന ധനസഹായം എത്ര; ഈ തുക ആദിവാസികൾ എപ്രകാരം വിനിയോഗിക്കണമെന്നാണ് പദ്ധതിയിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ? | (ബി) | ഈ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസറുടെ മേൽനോട്ടത്തിൽ നടത്തി വരുന്നത്. ഇതിനായി 2012-13 സാമ്പത്തിക വർഷത്തിൽ 600 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ കേന്ദ്ര സർക്കാരിൽ നിന്നും 549 ലക്ഷം രൂപ ലഭ്യമാകും. ഇതിൽ 562 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി വിഭജിച്ചു നൽകുകയും ശേഷിക്കുന്ന 38 ലക്ഷം രൂപ റബ്ബർ ബോർഡുമായി ചേർന്ന് പട്ടികവർഗ്ഗ മേഖലകളിൽ റബ്ബർ കൃഷിയ്ക്ക് വിനിയോഗിക്കുന്നതിനും നീക്കി വച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**